(ഇ) സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിലെ അംഗൻവാടികൾ

34 [2071] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ ഹെൽപ്പർ, വർക്കർ തസ്തികകളിൽ എത്രപേർ പണിയെടുക്കുന്നുവെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ചേർപ്പ്, അന്തിക്കാട് ബ്ലോക്ക് കമ്മിറ്റികളിൽ ആരൊക്കെയാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഒഴിവുകൾ നികത്തുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

അംഗൻവാടി വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ

35 [2072] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ അംഗൻവാടി വർക്കർമാരായും ആയമാരായും സേവനമനുഷ്ഠിക്കുന്നവരുടെ ആകെ എണ്ണം എത്രയെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഇവരുടെ നിലവിലുള്ള പ്രതിമാസ വേതനം എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(സി) അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങളോ ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ പ്രോവിഡന്റ് ഫണ്ടോ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരം ജീവനക്കാരായി അംഗീകരിച്ച് ഇവർക്കായി സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം III കാണുക.

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉത്സവകാലങ്ങളിൽ ഇവർക്ക് ബോണസ്സോ ഉത്സവ ബത്തയോ അനുവദിച്ചു നൽകാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ സേവനമനുഷ്ഠിക്കുന്ന വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	അംഗൻവാടി വർക്കർ	അംഗൻവാടി ഹെൽപ്പർ
തിരുവനന്തപുരം	2157	2157
കൊല്ലം	2177	2177
പത്തനംതിട്ട	1192	1192
ആലപ്പുഴ	1816	1816
കോട്ടയം	1741	1741
ഇടുക്കി	1163	1163
എറണാകുളം	2142	2142
തൃശ്ശൂർ	2497	2497
പാലക്കാട്	2065	2065
മലപ്പുറം	2657	2657
കോഴിക്കോട്	2242	2242
വയനാട്	572	572
കണ്ണൂർ	1810	1810
കസർഗോഡ്	988	988
ആകെ	25219	25219

(ബി) അംഗൻവാടി വർക്കർമാർക്ക് പരീക്ഷ യോഗ്യതയുടെയും സേവനകാല ദൈർഘ്യത്തിന്റെയും അടിസ്ഥാനത്തിൽ 1238 രൂപ മുതൽ 1363 രൂപവരെയും ഹെൽപ്പർമാർക്ക് 800 രൂപയും പ്രതിമാസ ഓണറേറിയം നൽകിവരുന്നു.

(സി) അംഗൻവാടി വർക്കർമാർക്കും/ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങളോ, പ്രോവിഡന്റ് ഫണ്ടോ, ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ നിലവിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും മാസ ഓണറേറിയം അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട പ്രവർത്തകരായതിനാൽ ഇവരെ സ്ഥിരം ജീവനക്കാരായി അംഗീകരിച്ച് സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടില്ല.

(ഇ) ഉത്സവകാലങ്ങളിൽ ഇവർക്ക് ഉത്സവബത്ത നൽകിവരുന്നു.

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

36 [2073] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ ഇപ്പോൾ നൽകി വരുന്ന ഓണറേറിയം വർദ്ധിപ്പിക്കാനോ വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി ഉയർത്താനോ ശുപാർശയുണ്ടോ ?

ഉത്തരം

(എ) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുക എന്നത് കമ്മീഷന്റെ പരിധിയിൽപ്പെടുത്തിയിരുന്ന വിഷയമാണ്. ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം

37 [2074] പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) അംഗൻവാടി ജീവനക്കരുടെ പെൻഷൻപ്രായം എത്രയാണെന്നും അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) 2003 മാർച്ചിലെ ബഡ്ജറ്റിൽ അംഗൻവാടി ജീവനക്കാർക്ക് പ്രഖ്യാപിച്ച 300 രൂപയുടെ വേതന വർദ്ധനവ് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly